# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2412
### 08.03.2017 ലെ മറുപടിയ്ക്ക്

**ട്രഷറികളിൽ സംയോജിത ധനമാനേജ്മെന്റ് സംവിധാനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി.<br>ശ്രീ. ആർ. രാമചന്ദ്രൻ | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ സംയോജിത ധനമാനജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എന്തൊക്കെയാണ് പ്രസ്തുത സംവിധാനത്തിന്റെ സവിശേഷതകൾ എന്നറിയിക്കുമോ; | സംസ്ഥാനത്തെ ട്രഷറികളിൽ സംയോജിത ധനമാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാന (IFMS) ത്തിന്റെ സവിശേഷതകൾ:-<br>വിവര സാങ്കേതികവിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് IFMS ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തഃസത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവെയ്പ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യപരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനവകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരിക യെന്നതും IFMS -ന്റെ ലക്ഷ്യമാണ്.<br>റവന്യൂ മാനേജ്മെന്റിന് പത്തു ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസാക്കാനുള്ള Core TIS, ബജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, |

| | | |
|---|---|---|
| | | ശമ്പളത്തിന് SPARK, മറ്റ് ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആന്റ് മീൻസിന് WAMS, ഏതു ട്രഷറിയിൽ നിന്നും പിൻവലിക്കാൻ കഴിയുന്ന CORE BANKING എന്നിങ്ങനെ ആധുനികമായ വിവിധ സംവിധാനങ്ങൾ ഉൾക്കൊണ്ടതാണ് IFMS. |
| (ബി) | സംസ്ഥാനത്തെ സർക്കാരിന് കീഴിലെ മുഴുവൻ പെൻഷൻകാരെയും ഈ കേന്ദ്രീകൃത സംവിധാനത്തിൽ കൊണ്ടുവന്നിട്ടുണ്ടോ; എന്തൊക്കെ നേട്ടങ്ങളാണ് ഇതുവഴി ലഭ്യമാകുന്നത്; | സംസ്ഥാനത്തെ സർക്കാരിന് കീഴിലെ മുഴുവൻ പെൻഷൻകാരെയും സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിൽ കൊണ്ടുവന്നിട്ടുണ്ട്. പെൻഷൻകാരുടെ സൗകര്യാർത്ഥം ഓൺലൈൻ പോർട്ടൽ സംവിധാനം വഴി ഓൺലൈൻ മസ്റ്ററിംങ്ങിനുമുള്ള സൗകര്യം, ഏതു ട്രഷറിയിൽ നിന്നും പെൻഷൻ വാങ്ങുന്നതിനുള്ള സൗകര്യം എന്നിവ കേന്ദ്രീകൃത പെൻഷൻ സമ്പ്രദായത്തിന്റെ നേട്ടങ്ങളാണ്. |
| (സി) | ട്രഷറികൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയതോടുകൂടി സംസ്ഥാനത്തിന്റെ മൊത്തം ചെലവ് കാര്യക്ഷമമായി വിലയിരുത്തുന്നതിനുള്ള സംവിധാനമായിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ? | സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതോടെ സംസ്ഥാന സർക്കാരിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളുടെയും തത്സമയ വിവരം ലഭ്യമാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ചെലവ് കാര്യക്ഷമമായി വിലയിരുത്തുവാൻ സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ